# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:03.01.2026

## പ്രധാനവാർത്തകൾ

1. ഭഗവാൻ ശ്രീ ബുദ്ധന്റെ പിപ്രാഹ്വ തിരുശേഷിപ്പുകളുടെ അന്താരാഷ്ട്ര പ്രദർശനം ഇന്ന് ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും.
2. സംസ്ഥാനതല രജിസ്ട്രേഷൻ ദിനാചരണത്തിൻറെ ഉദ്ഘാടനം നാളെ കണ്ണൂരിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും.
3. തൊണ്ടിമുതൽ കേസിൽ മുൻമന്ത്രി ആന്റണി രാജു കുറ്റക്കാരൻ; നെടുമങ്ങാട് കോടതിയുടെ വിധി പ്രസ്താവം കുറ്റപത്രം സമർപ്പിച്ച് 19 വർഷത്തിന് ശേഷം
4. കെ-ടെറ്റ് നിർബന്ധമാക്കിയ ഉത്തരവ് മരവിപ്പിച്ചു; സുപ്രീം കോടതി വിധിക്കെതിരെ റിവ്യൂ പെറ്റിഷൻ നൽകുമെന്ന് മന്ത്രി വി. ശിവൻകുട്ടി
5. സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഹിയറിങ് നോട്ടീസ് നൽകുന്ന നടപടികൾ പുരോഗമിക്കുന്നു.
6. ഇന്ത്യ–ദക്ഷിണാഫ്രിക്ക അണ്ടർ 19 ഏകദിന പരമ്പരയ്ക്ക് ഇന്ന് തുടക്കം

RNUTVPM

## പ്രധാനമന്ത്രി-പിപ്രാഹ്വ

ഭഗവാൻ ശ്രീ ബുദ്ധനുമായി ബന്ധപ്പെട്ട പിപ്രാഹ്വ തിരുശേഷിപ്പുകളുടെ അന്താരാഷ്ട്ര പ്രദർശനം ന്യൂഡൽഹിയിലെ റായ് പിത്തോറ സാംസ്കാരിക സമുച്ചയത്തിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. ന്യൂഡൽഹി നാഷണൽ മ്യൂസിയത്തിന്റെയും കൊൽക്കത്ത ഇന്ത്യൻ മ്യൂസിയത്തിന്റെയും ശേഖരങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന പിപ്രാഹ്വ ചരിത്ര അവശിഷ്ടങ്ങളും പുരാവസ്തുക്കളും ഇതാദ്യമായാണ് പ്രദർശിപ്പിക്കുന്നത്. 1898-ലാണ് പിപ്രാഹ്വ തിരുശേഷിപ്പുകൾ കണ്ടെത്തിയത്. ഭഗവാൻ ബുദ്ധന്റെ ദർശനങ്ങളുമായി ഇന്ത്യയ്ക്കുള്ള ആഴമേറിയ ബന്ധം വിളിച്ചോതുന്ന പ്രദർശനം സമ്പന്നമായ ആത്മീയപൈതൃകം സംരക്ഷിക്കാനുള്ള ഇന്ത്യയുടെ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി നേരത്തെ വ്യക്തമാക്കിയിരുന്നു.

PNUTVPM

## റാണി വേലു നാച്ചിയാർ

ഇന്ത്യയുടെ പ്രഥമ വനിതാ സ്വാതന്ത്ര്യസമര സേനാനി റാണി വേലു നാച്ചിയാറിന്റെ ജന്മവാർഷിക ദിനത്തിൽ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ശ്രദ്ധാഞ്ജലി അർപ്പിച്ചു. ധീരയായ ഭരണാധികാരിയും ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ

നിലകൊണ്ട ദേശാഭിമാനിയുമായിരുന്നു വീരമംഗൈ റാണി വേലു നാച്ചിയാർ എന്ന് ഉപരാഷ്ട്രപതി പറഞ്ഞു. റാണി വേലു നാച്ചിയാർ പ്രകടമാക്കിയ ത്യാഗവും ദാർശനിക നേതൃത്വവും ഭാവിതലമുറകളെ പ്രചോദിപ്പിക്കുമെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

**മുഖ്യമന്ത്രി -കണ്ണൂർ (ഇൻട്രോ)**

കേരള സംസ്ഥാന രജിസ്ട്രേഷൻ വകുപ്പ് സംഘടിപ്പിക്കുന്ന സംസ്ഥാന തല രജിസ്ട്രേഷൻ ദിനാചരണതിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ രാവിലെ കണ്ണൂർ അഞ്ചരക്കണ്ടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഈ വർഷം മുതലാണ് രജിസ്ട്രേഷൻ ദിനാചരണത്തിന് തുടക്കമിടുന്നത്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ....***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**ആൻറണി രാജു**

തൊണ്ടിമുതൽ കേസിൽ മുൻമന്ത്രി ആന്റണി രാജു കുറ്റക്കാരനെന്ന് വിധിച്ച് നെടുമങ്ങാട് കോടതി. കുറ്റപത്രം സമർപ്പിച്ച് 19 വർഷത്തിന് ശേഷമാണ് വിധിപ്രസ്താവം.

RNU TVPM

ലഹരിമരുന്ന് കേസിലെ പ്രതിയെ രക്ഷപ്പെടുത്താൻ ശ്രീ ആൻറണി രാജു തൊണ്ടിമുതലിൽ കൃത്രിമം നടത്തിയെന്നായിരുന്നു കേസ്. ആൻറണി രാജുവും കോടതി ക്ലർക്കായിരുന്ന ജോസുമായിരുന്നു പ്രതികൾ. ഇവർ കുറ്റക്കാർ ആണെന്നാണ് കോടതി കണ്ടെത്തിയിരിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

**ശിവൻകുട്ടി (ഇൻട്രോ)**

സംസ്ഥാനത്തെ സർക്കാർ / എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമങ്ങൾക്കും സ്ഥാനക്കയറ്റങ്ങൾക്കും കെ ടെറ്റ് നിർബന്ധമാക്കി പൊതുവിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ ഉത്തരവ് മരവിപ്പിച്ചതായി വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി അറിയിച്ചു. വിഷയം മനസ്സിലാക്കാതെയാണ് അധ്യാപക സംഘടനകളുടെ പ്രതിഷേധമെന്നും, കെ ടെറ്റ് നിർബന്ധമാക്കിയ സുപ്രീം കോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റിഷൻ ഫയൽ ചെയ്യുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

*(വോയിസ് ബൈറ്റ്)*

❁❁❁❁❁❁❁❁❁❁❁❁❁

**സുരേഷ് ഗോപി**

RNI TVPM

കൊല്ലം റെയിൽവേ സ്റ്റേഷനോട് ചേർന്നുള്ള ചീനക്കൊട്ടാരം ജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന രീതിൽ സജ്ജമാക്കാൻ പരമാവധി കാര്യങ്ങൾ ചെയ്യുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. ചീനക്കൊട്ടാരം സന്ദർശിച്ചശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. തൃശൂരിൽ സെൻട്രൽ ഫോറൻസിക് ലബോറട്ടറിയ്ക്ക് സ്ഥലം അനുവദിക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞില്ലെന്നും പകരം തൃശൂരിൽ 25 ഏക്കറിലുള്ള മറ്റൊരു പദ്ധതി കൊണ്ടുവരുമെന്നും അദ്ദേഹം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**ജി ആർ അനിൽ**

മന്ത്രി G.R.അനിൽ പൊതുജനങ്ങളുമായി നേരിട്ടു സംവദിക്കുന്ന പ്രതിമാസ ഫോൺ - ഇൻ പരിപാടി ഇന്ന് ഉച്ചയ്ക്ക് 2 മുതൽ നടത്തും. ഭക്ഷ്യ പൊതുവിതരണ ലീഗൽ മെട്രോളജി ഉപഭോക്തൃകാര്യ വകുപ്പുകളെ സംബന്ധിച്ച പരാതികളും നിർദ്ദേശങ്ങളും ജനങ്ങൾക്ക് മന്ത്രിയെ നേരിട്ട് അറിയിക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

**രാഷ്ട്രപതി**

ഉദ്യാൻ ഉത്സവ് രണ്ടാം പതിപ്പിന് സെക്കന്തരാബാദിലെ രാഷ്ട്രപതി നിലയത്തിൽ ഇന്ന്

PNU TVPM

തുടക്കമാകും. ഇതിനോടനുബന്ധിച്ച് ഈ മാസം 11 വരെ എല്ലാദിവസവും രാവിലെ 10 മുതൽ വൈകുന്നേരം 8 മണിവരെ രാഷ്ട്രപതി നിലയത്തിൽ പൊതുജനങ്ങൾക്ക് സൗജന്യമായി പ്രവേശിക്കാവുന്നതാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## തീവ്ര വോട്ടർപട്ടിക

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി ഹിയറിങ് നോട്ടീസ് നൽകുന്ന നടപടികൾ പുരോഗമിക്കുന്നു. കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികളും, എതിർപ്പുകളും ഈ മാസം 22 വരെ സമർപ്പിക്കാവുന്നതാണ്. പ്രവാസി വോട്ടർമാർക്ക് പേരു ചേർക്കാനായുള്ള ഫോം ആറ് എയിൽ ഇതുവരെ 24,772 അപേക്ഷകൾ ലഭിച്ചു. അതിനിടെ പ്രവാസി വോട്ടർമാർക്ക് എസ് ഐ ആർ നടപടികൾ പൂർത്തിയാക്കാൻ കൂടുതൽ

സമയം അനുവദിക്കണമെന്ന മുസ്ലിം ലീഗ് തിരെഞ്ഞെടുപ്പ് കമ്മീഷനോട് ആവശ്യപ്പെട്ടു.

❋❋❋❋❋❋❋❋❋❋❋❋❋

**ഇവിഎം-വിവിപാറ്റ്**

വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്ന ഇവിഎം, വിവിപാറ്റ് യന്ത്രങ്ങളുടെ പ്രാഥമിക തല പരിശോധന വിവിധ ജില്ലകളിലെ കളക്ടറേറ്റുകളിൽ ആരംഭിച്ചു. ഫെബ്രുവരി 16 വരെയാണ് പരിശോധന. പരിശോധനയിൽ അംഗീകൃത രാഷ്ട്രീയ കക്ഷികളുടെ സാന്നിധ്യം ഉറപ്പാക്കാൻ കളക്ടർമാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

RNUTVPM

❋❋❋❋❋❋❋❋❋❋❋❋❋

**പാലക്കാട് (ഇൻട്രോ)**

പാലക്കാട് ജില്ലയിൽ സപ്ലൈക്കോ മുഖേനയുള്ള രണ്ടാം വിള നെല്ല് സംഭരണ രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചു.സപ്ലൈകോയുടെ വെബ്സൈറ്റുവഴി കർഷകർക്ക് രജിസ്റ്റർചെയ്യാം. ഇതിനായി വെബ്സൈറ്റ് തുറന്നിട്ടുണ്ടെന്ന് സപ്ലൈക്കോ അറിയിച്ചു.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.....***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**രാജീവ് ചന്ദ്രശേഖർ- പോറ്റി**

ശബരിമല സ്വർണ്ണ മോഷണക്കേസിലെ പ്രതി ഉണ്ണികൃഷ്ണൻ പോറ്റി ഇരുമുന്നണികൾക്കും സ്വീകാര്യനെന്നും അവർ തമ്മിൽ ഒരു വ്യത്യാസവുമില്ലെന്നും ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. ഇരുമുന്നണികളുടെയും നേതാക്കളുടെ കൂടെയുള്ള പോറ്റിയുടെ ചിത്രങ്ങൾ പുറത്തുവന്നിട്ടുണ്ട്. യുപിഎ സർക്കാരിനെ സിപിഎം പിന്തുണച്ചതും അന്ന് കേന്ദ്രത്തിൽ നടന്ന അഴിമതിയും എല്ലാവർക്കും അറിയാവുന്ന കാര്യമാണെന്നും അദ്ദേഹം പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**ശബരിമല (ഇൻട്രോ)**

തിരക്കൊഴിയാതെ സന്നിധാനം. മകരവിളക്കിനിനി 11 ദിനങ്ങൾ മാത്രം ബാക്കി.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ........***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**വിവി രാജേഷ്-കണ്ണൂർ**

RNUTVPM

തിരുവനന്തപുരം കോർപ്പറേഷൻ മേയർ വി വി രാജേഷിന് ബിജെപി കണ്ണൂർ നോർത്ത് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ സ്വീകരണം നൽകി. ജില്ലാ അധ്യക്ഷൻ കെ. കെ. വിനോദ് കുമാർ,ബിജെപി ദേശീയ സമിതി അംഗം സി. രഘുനാഥ്, സംസ്ഥാന സെക്രട്ടറി കെ രഞ്ജിത്ത് തുടങ്ങിയവരുടെ നേതൃത്വത്തിലാണ് സ്വീകരിച്ചത്. ഇന്നുച്ചയ്ക്ക് കണ്ണൂർ പയ്യാമ്പലത്തെ മാരാർജി സ്മൃതി മണ്ഡപത്തിൽ ശ്രീ വി.വി.രാജേഷ് പുഷ്പാർച്ചന നടത്തും.

RNU TVPM

## ക്രിക്കറ്റ്-19

ഇന്ത്യ - ദക്ഷിണാഫ്രിക്ക അണ്ടർ 19 പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം. ദക്ഷിണാഫ്രിക്കയിൽ നടക്കുന്ന മൂന്ന് മത്സരങ്ങളുടെ പരമ്പരയിൽ ഇന്ത്യൻ സംഘത്തെ വൈഭവ് സൂര്യവൻഷിയാണ് നയിക്കുന്നത്

## ജസ്റ്റിസ് എൻ. നഗരേഷ്

ലോകം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഭാരതീയ ദർശനങ്ങളാണ് എന്നും ലോകത്തിന് ഗുരുസ്ഥാനീയമാകുന്ന രാഷ്ട്രം എന്ന സങ്കല്പം വളർത്തിയെടുക്കണമെന്നും കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എൻ. നഗരേഷ് പറഞ്ഞു.ഭാരതീയ

വിചാരകേന്ദ്രത്തിന്റെ 43-ാം വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിചാരകേന്ദ്രം ഡയറക്ടർ ആർ. സഞ്ജയൻ ചടങ്ങിൽ അദ്ധ്യക്ഷതവഹിച്ചു.

## ടി.പി. മാധവൻ അവാർഡ്

പ്രമുഖ ചലച്ചിത്ര നടനും ഗാന്ധിഭവൻ കുടുംബാംഗവുമായിരുന്ന ടി.പി. മാധവന്റെ പേരിൽ ഗാന്ധിഭവൻ ഏർപ്പെടുത്തിയ ടി.പി. മാധവൻ അവാർഡ് ചലച്ചിത്ര നടന്മാരായ മധുവിനും ജഗതി ശ്രീകുമാറിനും സമ്മാനിക്കും. മലയാള സിനിമയ്ക്ക് നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം. 25,000 രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം.

RNU TVPM

## ഭൂപാലി സംഗീതസന്ധ്യ

സംസ്ഥാന ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിക്കുന്ന 'ഭൂപാലി ഹിന്ദുസ്ഥാനി സംഗീത പരിപാടി ഇന്ന് വൈകുന്നേരം 6.30ന് തിരുവനന്തപുരം വഴുതക്കാട് ടാഗോർ തിയേറ്ററിൽ നടക്കും. സിത്താറിൽ കേരളത്തിലെ ആദ്യ വനിതാ പ്രൊഫഷണൽ സിത്താർ വാദകയായ ശ്രീജ രാജേന്ദ്രനും ഗസൽ അവതരണവുമായി ദിപൻവിത

ചക്രവർത്തിയും വേദിയിലെത്തും. പ്രവേശനം സൗജന്യമാണ്.

RNU TVPM